**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **13-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് /ക്യാഷ്യർ തസ്തികകളിലെ അനധികൃത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് /ക്യാഷ്യർ നിയമനവുമായി ബന്ധപ്പെട്ട കേസിൽ മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിയമനങ്ങളും പ്രൊമോഷനുകളും പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കേരള ഹൈക്കോടതി വിധി പ്രഖ്യാപിക്കുകയുണ്ടായോ; വിവരം നൽകുമോ ; | (എ) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് / കാഷ്യർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.കെ.സി.ജിഷാന്ത് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 14599/2019 മേലുള്ള 28/05/2019 ലെ വിധിന്യായപ്രകാരം ഹർജ്ജിക്കാരന്റെ നിവേദനം പരിഗണിച്ച് അദ്ദേഹത്തെ നേരിൽ കേട്ട ശേഷം തീർപ്പാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത വിധിയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് / കാഷ്യർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.കെ.സി.ജിഷാന്ത് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 14599/2019 മേലുള്ള 28/05/2019 ലെ വിധിന്യായപ്രകാരം ഹർജ്ജിക്കാരന്റെ നിവേദനം പരിഗണിച്ച് അദ്ദേഹത്തെ നേരിൽ കേട്ട ശേഷം തീർപ്പാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. |
| (സി) | 28.5.2019- ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14.8.2019- ന് സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിലും ഡി.വൈ.എസ്.പി. കോ-ഓപ്പറേറ്റീവ് വിജിലൻസ് നോർത്ത് സോണിന്റെ അന്വേഷണ റിപ്പോർട്ടിലും എത്ര അനധികൃത നിയമനങ്ങൾ നടന്നതായാണ് വ്യക്തമാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) | 28.05.2019-ലെ ബഹു.ഹൈക്കോടതിയുടെ 14599/2019-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ഇല്ലാത്ത തസ്തികകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത് ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതിന് ടി കാലയളവിലെ ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് ക്രമ വിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയാൽ മാത്രമേ ബോദ്ധ്യമാവുകയുള്ളൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു. വിശദമായ അന്വേഷണത്തിനു ശേഷം, കൂടുതൽ അന്വേഷണത്തിന് സഹകരണ വിജിലൻസ് |

| | | | |
|---|---|---|---|
| | | | ശുപാർശ ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.<br><br>ഹൈക്കോടതിയുടെ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച ഹൈക്കോടതിയുടെ അന്തിമ വിധിയിൽ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് തീരുമാനമെടുത്തതെന്ന് വിശദമാക്കുമോ? | (ഡി) | 28.05.2019-ലെ ബഹു.ഹൈക്കോടതിയുടെ 14599/2019-ാം നമ്പർ റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ഇല്ലാത്ത തസ്തികകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത് ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതിന് ടി കാലയളവിലെ ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് ക്രമ വിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയാൽ മാത്രമേ ബോദ്ധ്യമാവുകയുള്ളൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു. വിശദമായ അന്വേഷണത്തിനു ശേഷം, കൂടുതൽ അന്വേഷണത്തിന് സഹകരണ വിജിലൻസ് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.<br><br>ഹൈക്കോടതിയുടെ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ